Page 1 of 2

മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ജില്ലാ സർവ്വൈലൻസ് ഓഫീസർ (നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതികൾ ലഭിച്ച് 30 ദിവസത്തിനകം ഇതിന് തീർപ്പ് കൽപ്പിക്കുന്നതാണ്.

(ഇ) വിദേശത്തുവച്ച് കോവിഡ് ബാധിച്ച് മരിച്ച കേരളീയരുടെ കണക്കുകൾ സർക്കാരിൽ ലഭ്യമാണോ; ഇല്ലെങ്കിൽ ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ?

വിദേശത്തുവച്ച് കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസി മലയാളികളെ സംബന്ധിച്ച ഡാറ്റ തയ്യാറാക്കുന്നതിനായി വിശദവിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുവാൻ വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളോടും എല്ലാ ജില്ലാ കളക്ടർമാരോടും അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ എല്ലായിടങ്ങളിൽനിന്നും നാളിതുവരെയും ലഭ്യമാകാത്ത സാഹചര്യത്തിൽ വ്യക്തമായ കണക്കുകൾ നിലവിൽ സർക്കാരിൽ ലഭ്യമല്ല.

സർക്കാർ ആശുപത്രികളിൽ കോവിഡാനന്തര സൗജന്യ ചികിത്സ

231 (231) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ കോവിഡാനന്തര സൗജന്യ ചികിത്സയിൽനിന്ന് എ.പി.എൽ. കാർഡ് ഉടമകളെ ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എ.പി.എൽ. വിഭാഗത്തിന് കിടക്കയ്ക്ക് ഒരു ദിവസം ഈടാക്കുന്ന വാടക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കോവിഡ്മൂലം എല്ലാ മേഖലയിലും ഒരുപോലെ സാമ്പത്തിക പ്രതിസന്ധി ബാധിച്ചിരിക്കുന്നതിനാൽ പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ രോഗികളെ ആശുപത്രികളിലെത്തിക്കുന്നതിന് വേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കിവരുന്നു. അതോടൊപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കോവിഡ് ചികിത്സയ്ക്ക് 50% ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗം ആരംഭിച്ചത് മുതൽ കോവിഡ് രോഗികളെ പോലെത്തന്നെ കോവിഡാനന്തര രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡാനന്തര ചികിത്സയും സൗജന്യമായാണ് നൽകിവരുന്നത്. KASP പദ്ധതിയിൽ ഉൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഇതുകൂടാതെ APL വിഭാഗത്തിൽപ്പെട്ടതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ സൗജന്യമാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാത്ത എ.പി.എൽ. വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് കോവിഡ് സിൻഡ്രോം, കുട്ടികളിലും മുതിർന്നവരിലുമുള്ള മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C, MIS-A), കോവിഡ് അസോസിയേറ്റഡ് മ്യൂക്കോർമൈക്കോസിസ് (CAM)/ കോവിഡ് അസോസിയേറ്റഡ് പൾമണറി ആസ്പെർഗില്ലോസിസ് (CAPA) എന്നിവയ്ക്കുള്ള ചികിത്സാ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16-08-2021-ലെ സ.ഉ (സാധാ) നം. 1750/2021/H&FWD പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കോവിഡാനന്തര രോഗങ്ങൾക്ക് ചികിത്സാ നിരക്ക് നിജപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ചികിത്സകളുടെ നിരക്ക് നിശ്ചയിക്കുന്നത് വഴി സ്വകാര്യ ആശുപത്രികൾ രോഗികളിൽനിന്നും അമിത നിരക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ, കോവിഡ് മൂലമുള്ള സങ്കീർണ്ണതകൾക്കുള്ള വളരെ ഉയർന്ന ചികിത്സാ ചെലവ് കണക്കിലെടുക്കുമ്പോൾ, ഇത്തരത്തിൽ ചികിത്സാ നിരക്ക് നിശ്ചയിച്ചത് എ.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്കും സാമ്പത്തികമായി പരിമിതപ്പെട്ടവർക്കും പൊതു ആശുപത്രികളിലെ പോസ്റ്റ് കോവിഡ് സങ്കീർണ്ണതകൾക്കുള്ള ചികിത്സ സൗജന്യമായി നൽകിവരുന്നു.